**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 770** **14-01-2021 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടിയിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പമന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പട്ടികജാതി കോളനികളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കാമോ; ആയതിൽ പ്രവൃത്തി പൂർത്തിയായവ എത്രയെന്നും അവ ഏതെല്ലാമെന്നും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് അംബേദ്ക്കർ ഗ്രാമ വികസന പദ്ധതി (2016-17) പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള 248 കോളനികളിൽ 52 കോളനികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കോളനികളുടെ പേര് അനുബന്ധം I ആയി ചേർക്കുന്നു. 2018-19 സാമ്പത്തിക വർഷം സംസ്ഥാനത്ത് ഉണ്ടായ പ്രളയക്കെടുതിയെ തുടർന്ന് പുന:നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള 80 കോളനികളിൽ വേണാട്ടുകളപ്പറമ്പ് കോളനിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 90 കോളനികളെയും 2020-21 സാമ്പത്തിക വർഷം 9 കോളനികളെയും ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെട്ട കൊണ്ടോട്ടി മണ്ഡലത്തിലെ കോട്ടാശ്ശേരി, മാനീരി, നെടിയിരുപ്പ് കോളനികളിലെ പദ്ധതി പ്രവർത്തനം വിവരിക്കാമോ; | (ബി) | കോട്ടാശ്ശേരി കോളനിയിൽ ഭവന പുന:രുദ്ധാരണം, ശ്മശാനം റൂഫിംഗ്, അംഗനവാടിയിലേയ്ക്കുള്ള ഫുട്പാത്ത്, ചിറയിൽ ചുങ്കം കോട്ടാശ്ശേരി റോഡ് ബാരിയർ എന്നിവ പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതി - 90% പൂർത്തീകരിച്ചു മാനീരി കോളനിയിൽ പന്ത്രണ്ടാം കോണി തേനക്കാപ്പ് ശ്മശാനം റോഡ്, വള്ളിക്കാട്ട് കുണ്ട് കരിങ്ങാത്തൊടി ആശാരിമുക്ക് റോഡ്, തലപ്പറമ്പ് ക്ഷേത്രം ചെറുകുഴി അംഗനവാടി റോഡ്, തലയപ്പറമ്പ് ക്ഷേത്രം മലയത്തൊടി റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. നെടിയിരുപ്പ് എൻ.എച്ച്.കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി കോർപ്പസ് ഫണ്ട്/പ്ളാൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് കൊണ്ടോട്ടി മണ്ഡലത്തിലെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ? | (സി) | വിശദാംശങ്ങൾ അനുബന്ധം II ആയി ഉൾപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ